# ‘ഏവർക്കുമുള്ള രക്ഷ’

## റോമർ 1 :16

“സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ.”

ഇന്ന് നാം ആയിരിക്കുന്നത് സുവിശേഷത്തെയും ദൈവമക്കളെയും ആക്ഷേപിക്കുവാൻ തക്കം നോക്കിയിരിക്കുന്ന ഒരു സമൂഹത്തിന്റെ മധ്യത്തിലാണ്. അത്തരത്തിലുള്ള അനവധി വാർത്തകൾ നാം കേൾക്കുകയും കാണുകയും ചെയ്യുന്നവരാണല്ലോ. ഈ ലോകത്തിന്റെ മക്കൾക്ക് സുവിശേഷം ഭോഷത്തമാകുമ്പോൾ വിശ്വസിക്കുന്ന നമുക്ക് അത് ദൈവശക്തിയാകുന്നുവെന്ന് ഈ വേദഭാഗം വ്യക്തമാക്കുന്നു. ഇന്ന് ദൈവവചനം വ്യക്തികളിലൂടെയും കൂട്ടായ്മകളിലൂടെയും വിവിധ മീഡിയാകളിലൂടെയുമെല്ലാം അനവധി ആളുകളുടെ കാതുകളിൽ എത്തുന്നുണ്ട്. എന്നാൽ വാസ്തവമായി അത് ദൈവശക്തിയായി ഹൃദയങ്ങളിലേക്ക് പകരപ്പെടുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്.

ഈ കാലഘട്ടത്തിൽ ജീവിക്കുന്ന അനവധിപേരും സുവിശേഷം കേൾക്കുമ്പോൾ അതു വേറെ ഏതോ ഒരു പ്രത്യേക വിഭാഗത്തിനു വേണ്ടിയുള്ളതാണെന്ന് പറഞ്ഞു തള്ളി ക്കളയുന്നു. ലൂക്കോസ് 2:10 നാം വ്യക്തമായി വായിക്കുന്നു ‘സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം, നമ്മുടെ രക്ഷകനായ യേശുക്രിസ്തു.’ ദൈവത്തിന്റെ മഹാകൃപകൊണ്ടു മാത്രമാണ് ഒരുവൻ ദൈവവചനത്തെ വാസ്തവമായി ഹൃദയത്തി ലേക്ക് സ്വീകരിക്കുന്നത്. ആ കൃപ ലഭിച്ച ദൈവമക്കൾക്കു മാത്രമേ ദൈവസ്നേഹത്തിന്റെ ആഴം മനസ്സിലാക്കുവാനും ദൈവവചനത്തിലൂടെയുള്ള വിടുതൽ പ്രാപിക്കുവാനും കഴിയുകയുള്ളൂ. ഇന്ന് പലരും പ്രാർത്ഥനായോഗങ്ങൾക്ക് ക്ഷണിക്കപ്പെടുന്നുണ്ട്. ചുരുക്കംപേർക്കു മാത്രമേ ആ ക്ഷണം സ്വീകരിച്ച് കടന്നുപോകുവാനുള്ള മനസ്സുള്ളൂ. തിരക്കേറിയ ജീവിതസാഹചര്യങ്ങളെ പഴിച്ചുകൊണ്ട് പ്രാർത്ഥനയ്ക്ക് കടന്നുപോകുവാൻ വിസമ്മതിക്കുന്നു. ഭാവിയിലേക്കുള്ള കരുതലിനുവേണ്ടിയാണ് പലരുടെയും ഓട്ടം. ‘ദ്രവ്യാഗ്രഹമില്ലാതെ, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ’ വചനം നമ്മെ പഠിപ്പിക്കുന്നുവല്ലോ.

ദൈവമക്കളെന്ന അവകാശവാദം പറഞ്ഞുനടക്കുന്ന നാം ഓരോരുത്തരും ഭൗതികമായ നേട്ടങ്ങൾക്കുവേണ്ടിയാണോ സമയം ചെലവഴിക്കുന്നത് എന്ന് നമുക്ക് ആലോചിക്കാം. എല്ലാ നിലകളിലും മറ്റുള്ളവരെക്കാൾ അല്പംകൂടി ഉയർന്നുനിൽക്കണമെന്ന ചിന്ത യാണോ നമ്മെയും ഭരിക്കുന്നത്. അങ്ങനെയെങ്കിൽ നാമും ലോകത്തിന്റെ മക്കൾ

തന്നെയാകുന്നു. ഒരു ദൈവപൈതലിന്റെ ജീവിതം മറ്റുള്ളവരിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കണം. നമ്മുടെ പ്രവർത്തികളിലൂടെ ക്രിസ്തുവിനെ വെളിപ്പെടുത്തുവാൻ നമുക്കു സാധിക്കണം. ഏതു പ്രതികൂലസാഹചര്യങ്ങളിലും ക്രിസ്തുവിന്റെ വിശ്വസ്തസാക്ഷിയായി വിളങ്ങുവാൻ നമുക്ക് കഴിയേണം.

മുകളിൽപ്പറഞ്ഞിരിക്കുന്ന ചിന്താവാക്യത്തിൽ വിശ്വസിക്കുന്ന ഏവനും സുവിശേഷം ദൈവശക്തിയാകുന്നു എന്ന് പറഞ്ഞിട്ടുണ്ടല്ലോ. ഇവിടെ 'ഏവനും' എന്നു പറയുമ്പോൾ അതിൽ മനുഷ്യവംശത്തെ പൂർണ്ണമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്നത്തെ ലോകം ക്രിസ്തുവിനെ ക്രിസ്ത്യാനികളുടെ ദൈവമായി മാത്രം കണക്കിടുമ്പോൾ ഈ വചനം വാസ്തവമായി അവരുടെ ഹൃദയങ്ങളെ തുറക്കുവാൻ ഇടയാകട്ടെ. യോഹന്നാന്റെ സുവിശേഷത്തിൽ പറയുകയാണ് 'ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.' ഇവിടെ ലോകത്തെ മുഴുവൻ രക്ഷിക്കുന്ന കുഞ്ഞാടായി കർത്താവിനെ സൂചിപ്പിച്ചിരിക്കുന്നു.

ഒരു പാരമ്പര്യക്രിസ്ത്യാനിയെന്നു പറഞ്ഞ് അല്ലെങ്കിൽ ദൈവപൈതൽ ആണെന്നു സ്വയം അഭിമാനംകൊണ്ടു കാലം കഴിക്കുവാനല്ല മറിച്ച് ദൈവത്തെ അറിയാത്ത, ആവശ്യഭാരങ്ങളിലായിരിക്കുന്ന ജാതികളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് ക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുക്കുവാൻ അത്രേ ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. അപ്പോൾ സമൂഹം നമ്മെ പരിഹാസവിഷയമാക്കിയേക്കാം. പല മുറിപ്പെടുത്തുന്ന അനുഭവങ്ങളും കടന്നുവന്നേക്കാം. അപ്പോഴും ലജ്ജ കൂടാതെ സുവിശേഷത്തെ അറിയിക്കുവാൻ നമുക്കു കഴിയുന്നുവെങ്കിൽ നമ്മെ സഹായിക്കുവാൻ പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥൻ തുണനില്ക്കുമെന്നതിൽ സംശയമേതുമില്ല. ആ കാര്യസ്ഥൻ വന്ന് 'പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും.'

ആദ്യകാലസഭകളെല്ലാംതന്നെ സുവിശേഷത്തിനുവേണ്ടി ഒരുപാട് കഷ്ടനഷ്ടശോധനകൾ സഹിക്കേണ്ടി വന്നതായി നാം വായിക്കുന്നുണ്ടല്ലോ. സ്വന്തം ജീവനെപ്പോലും വകവെക്കാതെയായിരുന്നു അവരുടെ പ്രവർത്തനങ്ങൾ. അതിന്റെയെല്ലാം ഫലമായിട്ടാണ് ഇന്നത്തെ ദൈവസഭകൾ ഇത്രയേറെ വളരുവാൻ ഇടയായത്. ഇതിൽനിന്നെല്ലാം നമുക്ക് മനസ്സിലാക്കാവുന്ന ഒന്നുണ്ട്, എവിടെയെല്ലാം ദൈവജനം സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കേണ്ടതായി വന്നിട്ടുണ്ടോ അതിന്റെയെല്ലാം മധ്യത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അനേകരെ സത്യവെളിച്ചത്തിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു.

ഒരുപക്ഷേ നമുക്ക് വലിയ സഭായോഗങ്ങളിൽ കടന്നുപോയി പ്രസംഗിക്കുവാനോ മാധ്യമങ്ങളിലൂടെ ലോകത്തോട് സുവിശേഷം അറിയിക്കുവാനോ ഒന്നും സാഹചര്യമില്ലായിരിക്കാം. എന്നാൽ നാം ജോലി ചെയ്യുന്ന സ്ഥാപനത്തിൽ, വീട്ടിൽ വരുന്ന ഒരു

അതിഥിയോട്, അപ്രതീക്ഷിതമായി പരിചയപ്പെടുന്ന ഒരു വ്യക്തിയോട് അതുമല്ലെങ്കിൽ നമ്മുടെ അയൽപക്കത്തുള്ള ജീവിതങ്ങളോട് ഒക്കെ നമുക്ക് ക്രിസ്തുവിനെയും നമ്മുടെ ജീവിതത്തിൽ ദൈവം ചെയ്ത അത്ഭുതസാക്ഷ്യങ്ങളെയുംക്കുറിച്ച് പറയുവാനും അതു വഴി ദൈവസ്നേഹം അവർ അറിയുവാനും ഇടയായിത്തീരും. വളരെ ചെറിയ ഒരു കാര്യമെന്ന് നാം തള്ളിക്കളയുന്നതുപോലെയുള്ള അവസരങ്ങൾ ദൈവസന്നിധിയിൽ ഏറ്റവും വിലയേറിയ കാര്യമാണ്. അപ്രകാരം ജീവിക്കുന്ന ദൈവത്തെ അനേക ജീവിതങ്ങൾ രുചിച്ചറിയുവാൻ നാം ഓരോരുത്തരും മുഖാന്തരമായിത്തീരട്ടെ.

'നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരെയും സ്നേഹിക്കണം' എന്നു പഠിപ്പിച്ച നല്ല നാഥന്റെ, ലജ്ജയില്ലാതെ വേലചെയ്യുന്ന നല്ല സുവിശേഷക്കാരായി ക്രിസ്തുവിന്റെ വിശ്വസ്ത മക്കളായി തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

പരാമർശം :

1 പത്രോസ് 4:16

"ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടത"

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 012